പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2769 — 20.03.2015ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം

| ചോദ്യം<br>ശ്രീ.പി. ഉബൈദുള്ള | ഉത്തരം<br>ശ്രീ.പി.കെ..അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) എൽ.എസ്.എസ്/യു.എസ്.എസ്/മുസ്ലിം, നാടാർ/മുന്നോക്കക്കാരിലെ പിന്നോക്കക്കാർ തുടങ്ങിയ വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, സൈനിക സ്കോളർഷിപ്പ് തുടങ്ങിയ സ്കോളർഷിപ്പുകൾ നടപ്പുവർഷം വിതരണം നടത്തിയിട്ടുണ്ട്. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന വിതരണം ചെയ്യുന്ന ന്യൂനപക്ഷ വിഭാഗ പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാർ കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക ട്രാൻസ്ഫർ ചെയ്യുന്ന എൻ.എം.എം.എസ്, എൻ.ഐ.എസ്.ഐ.ജി.എസ്.ഇ സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളുടെ ലിസ്റ്റ് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഡി.പി.ഐ യുടെ കീഴിൽ സ്കോളർഷിപ്പ് വിതരണത്തിന് മാത്രമായി പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്. | (ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇതുമായി ബന്ധപ്പെട്ട് ധന വകുപ്പുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ? എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കുമോ? | (സി) ബാധകമല്ല. |
| (ഡി) ഇ-ഗ്രാന്റ് പോലുള്ള സോഫ്റ്റ് വെയർ വഴി സ്കോളർഷിപ്പ് അപേക്ഷയും തുക വിതരണവും നടത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ | (ഡി) ഓൺലൈൻ മുഖേന അപേക്ഷകൾ സ്വീകരിക്കുന്നതിനും, വിവരസാങ്കേതിക വിദ്യയുപയോഗിച്ച് അർഹരായവരെ കണ്ടെത്തുന്നതിനും, ഡി.ബി.റ്റി മുഖേന തുക വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ